## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6115 - 28.10.2011-ലെ
## മറുപടിക്ക്
### ശമ്പളവും പെൻഷനും ട്രഷറികളിൽ എ.റ്റി.എം വഴി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.അച്ചുതൻ<br>ശ്രീ. എം.പി. വിൻസെന്റ് | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| എ) | സംസ്ഥാനത്തെ ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്തെ എല്ലാ ട്രഷറികളും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും കോർ ബാങ്കിംഗ് സൊലൂഷനും, നെറ്റ്‌വർക്കിങും ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | ഇനി എത്ര സബ് ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കാനുണ്ട്; | |
| സി) | മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച ശമ്പളവും പെൻഷനും എ.ടി.എം വഴി നൽകുന്നതിനുള്ള പരിപാടികളുടെ നിലവിലുള്ള സ്ഥിതിയെന്താണ്; | ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകാർക്ക് എ.ടി.എം വഴി പണം പിൻവലിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള മുൻ സർക്കാരിന്റെ ശുപാർശയ്ക്ക് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടില്ല. സംസ്ഥാനത്തെ ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകൾക്ക് കോർ ബാങ്കിംഗ് സിസ്റ്റം വഴി എ.ടി.എം സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സ.ഉ (സാധാ) നം: 6644/11/ധന തീയതി 27.08.2011 പ്രകാരം കോർ ബാങ്കിംഗ് സൊലൂഷന്റെ ആർ.എഫ്.പി അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| ഡി) | മുൻ സർക്കാരിന്റെ കാലത്ത് ഈ പരിപാടി എവിടെയെങ്കിലും നടപ്പാക്കുകയുണ്ടായോ; | ഇല്ല |

Baiju

സെക്ഷൻ ഓഫീസർ